


കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# വേമ്പനാട്ടുകായൽ നീന്തിക്കടന്ന ആറുവയസ്സുകാരി

**വേ**മ്പനാട്ടുകായൽ നീന്തിക്കടന്ന് ആറുവയസ്സുകാരി ചരിത്രം സൃഷ്ടിച്ചു. കായൽ നീന്തിക്കടക്കുന്ന ഏറ്റവും പ്രായംകുറഞ്ഞ പെൺകുട്ടി എന്ന നേട്ടം കോതമംഗലം വാരപ്പെട്ടി ഇളങ്ങഴം പുളിക്കാംകുന്നത്ത് പ്രവീണിന്റെയും ചിഞ്ചുവിന്റെയും ഇളയമകളായ ഗായത്രി പ്രവീൺ സ്വന്തമാക്കി.

ജനുവരി 7 ശനിയാഴ്ച രാവിലെ എട്ടുമണിയോടെ കുടുംബത്തോടൊപ്പം ചേർത്തലയിലെ തവണക്കടവിലെത്തിയ ഗായത്രിയെ ജനങ്ങൾ സ്വീകരിച്ചു. ദലീമ എം.എൽ.എ. നീന്തൽ ഫ്ളാഗ് ഓഫ് ചെയ്തു. 1.24 മണിക്കൂർക്കൊണ്ട് 4.5 കിലോമീറ്റർ ദൂരം ഗായത്രി നീന്തി. 9.57 ന് വൈക്കത്തെ കായലോരബീച്ചിലേക്കു നീന്തിക്കയറിയ ഗായത്രിയെ വൈക്കം തഹസിൽദാർ ടി.എൻ. വിജയൻ സ്വീകരിച്ചു. അനുമോദനയോഗം നടൻ ചെമ്പിൽ അശോകൻ ഉദ്ഘാടനം ചെയ്തു. വൈക്കം നഗരസഭ ചെയർപേഴ്സൺ രാധിക ശ്യാം അധ്യക്ഷത വഹിച്ചു.

പുതുപ്പാടി കനേഡിയൻ സെൻട്രൽ സ്കൂളിലെ ഒന്നാംക്ലാസ് വിദ്യാർഥിയാണ് ഗായത്രി. മൂന്നാംക്ലാസിൽ പഠിക്കുന്ന സഹോദരൻ അർജുന്റെ ഒപ്പമാണ് പരിശീലനം. ബിജു തങ്കപ്പനാണ് പരിശീലകൻ. നവംബർ 11 ന് ആറാം ക്ലാസ് വിദ്യാർഥിനിയായ ലയ ബി. നായർ കൈകൾ ബന്ധിച്ച് വേമ്പനാട്ട് കായൽ നീന്തിക്കയറിയിരുന്നു.



## DEEPANALAM WINNERS SPACE gk

സമ്മാനം
ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. ഫിഫ ലോകകപ്പുകളുടെ ചരിത്രത്തിൽ ഇതുവരെ സ്കോർ ചെയ്യപ്പെട്ടത് എത്ര ഗോളുകളാണ്? ലോകകപ്പുകളിൽ ഏറ്റവും കൂടുതൽ ഗോളടിച്ച രാജ്യം ഏതാണ്?

   ഉത്തരം : ........................ ...............................

2. കേന്ദ്രസർക്കാരിന്റെ ടെലിമെഡിസിൻ പ്ലാറ്റ്ഫോം ഏതു പേരിലാണ് അറിയപ്പെടുന്നത്?

   ഉത്തരം : ........................

3. ലോകത്തിലെതന്നെ ഏറ്റവും ഉയരത്തിലുള്ള ചെറിയ വിൻഡ് ടർബൈൻ ഈയിടെ ഇന്ത്യൻ സേന സ്ഥാപിച്ചതെവിടെ? എത്ര അടി ഉയരം?

   ഉത്തരം : ........................ ...........................

4. 'ദേശാഭിമാനികളിലെ രാജകുമാരൻ' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ്?

   ഉത്തരം : ........................

5. വെക്സില്ലോളജി (Vexillology) എന്തിനെക്കുറിച്ചുള്ള പഠനമാണ്?

   ഉത്തരം : ........................

6. ഇന്ത്യയിലെ ഏക ദേശീയപതാകനിർമാണകേന്ദ്രം എവിടെ സ്ഥിതിചെയ്യുന്നു?

   ഉത്തരം : ........................

7. ആൻഡമാൻ ദ്വീപുകൾക്ക് ആരുടെ പേരുകളാണ് ഈയിടെ പ്രധാനമന്ത്രി നല്കിയത്?

   ഉത്തരം : ........................

8. ലോകത്തെ ഏറ്റവും പ്രായംകൂടിയ വ്യക്തിയായിരുന്നു ഈയിടെ അന്തരിച്ച ഫ്രഞ്ച് കന്യാസ്ത്രീ സിസ്റ്റർ ഓങ്ഡ്റേ (118). ഇനി ഈ റെക്കോർഡിനുടമ ആരാണ്?

   ഉത്തരം : ........................

9. രാഷ്ട്രപതി ഈയിടെ വിതരണം ചെയ്ത രാഷ്ട്രീയബാലപുരസ്കാരത്തിന് കലാസാംസ്കാരികവിഭാഗത്തിൽ അർഹത നേടിയ മലയാളി?

   ഉത്തരം : ........................

10. ലോക അത്ലറ്റിക്സ് ഫെഡറേഷൻ ആവിഷ്കരിച്ച പ്രഥമ കിഡ്സ് മീറ്റ് കേരളത്തിൽ എവിടെയാണു നടന്നത്?

    ഉത്തരം : ........................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ്പ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2023 ഫെബ്രുവരി 19.

പേര് : ..................................................
മേൽവിലാസം : ..................................................
..................................................
ഫോൺ നമ്പർ : ..................................................



# പ്രകൃതിമനോഹരി



**എഞ്ചൽ മരിയ ജിൻസ്**
9-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്. കടനാട്

**നി**റുത്താതെ ചിലച്ചുകൊണ്ടിരുന്ന ഒരു കിളിയുടെ സ്വരം കേട്ടാണ് അവൾ ആ ടിവിയിൽനിന്നു കണ്ണെടുത്തത്.

വരാന്തയിൽ ചെന്നു നോക്കി. കൂട്ടിൽകിടന്നു കരയുകയാണ് അവൾ! കൂടിന്റെ കമ്പികളിൽ അള്ളിപ്പിടിച്ചിരുന്ന് തന്റെ ചുവന്ന കൊക്കുകൾകൊണ്ട് അതിൽ കൊത്തുന്നു. പച്ചനിറത്തിലുള്ള ആ കിളിയെ അവൾ നോക്കിനിന്നു. പിന്നീടാണ് പുറത്തേക്കു നോക്കിയത്. പറമ്പിലെ ചെടികളും മരങ്ങളുമൊക്കെ നനഞ്ഞുനിൽക്കുകയാണ്. മഴ പെയ്തിരിക്കുന്നു. തണുത്ത അന്തരീക്ഷത്തിൽനിന്നു വായു അകത്തേക്കെടുത്തു, മഴയ്ക്കുശേഷമുള്ള ആ സുഗന്ധം!

ചെരുപ്പിടാമെന്നു കരുതി, പക്ഷേ, വേണ്ടെന്നുവച്ചു. കാരണം, എത്രനാളായി ഒന്നു മണ്ണിൽ സ്പർശിച്ചിട്ട്! മണ്ണിൽ ചവിട്ടിയതും ഒരു നേർത്ത തണുപ്പ് അനുഭവപ്പെട്ടു. വെറുതെ പറമ്പിൽക്കൂടി നടക്കാമെന്നു തീരുമാനിച്ചു. നടന്നുനടന്ന് ഒരു കുളത്തിനു മുമ്പിലെത്തി. പലതരത്തിലും വലുപ്പത്തിലുമുള്ള മീനുകൾ. അവളുടെ സാമീപ്യം മനസ്സിലാക്കി ഓടിയൊളിക്കാൻ ശ്രമിച്ചു മത്സ്യങ്ങളെ ഉറ്റുനോക്കി അവൾ നിന്നു. അവളെത്തഴുകി കടന്നുപോയ കാറ്റിൽ പൂക്കൾ കൊഴിഞ്ഞുവീണു. ഇലകൾ തങ്ങൾ താങ്ങിനിറുത്തിയിരുന്ന ഓരോ തുള്ളി ജലകണികയും താഴേക്കിട്ടു. അതവളുടെ നെറുകയിൽ ചെന്നുപതിച്ചു. അവൾ മുകളിലേക്കു നോക്കി. ഓരോ വെള്ളത്തുള്ളിയും അവളുടെ മുഖത്തുവന്നുവീണു. പക്ഷികൾ ഒരു മരത്തിൽനിന്ന് അടുത്ത മരത്തിലേക്കു പാറുന്നു. മഴയുടെ ചുംബനമേറ്റ പൂക്കൾ നാണിച്ചു തലകുനിച്ചു.

''മോളേ... സന്ധ്യയായി, കയറി വരൂ...'' അമ്മയുടെ വിളി കേട്ടവൾ തിരികെനടന്നു.

കൂട്ടിൽ കിടക്കുന്ന തത്തയെ അവളൊന്നു നോക്കി.

ഇപ്പോഴും ഇരുമ്പുകൂടിന്റെ കമ്പികളിൽ കൊത്തുന്ന തിരക്കിലാണ്. അവളാ കൂടിന്റെ നേരേ ചെന്നു. പൂട്ടു തുറന്ന് അതിനെ പുറത്തെടുത്തു. കൈകൾ തുറന്ന് അതിനെ പറത്തിവിട്ടു. സ്വാതന്ത്ര്യത്തിന്റെ അനന്തവിഹായസ്സിലേക്ക് തത്ത പറന്നുയരുന്നത് ഒരു പുഞ്ചിരിയോടെ അവൾ നോക്കിനിന്നു. ■

നാടോടിക്കഥ



# അഭിമാനത്തിന്റെ വില



**സെലീന ജെയ്മോൻ**
9-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം

**അ**ച്ഛനും മകനുംകൂടി നടക്കുമ്പോഴാണു കണ്ടത്, റോഡരികിൽ അന്ധനായ ഒരു ബാലൻ പേനകൾ വിൽക്കുന്നു. കൈയിൽ പല നിറങ്ങളിലുള്ള കുറെ പേനകളുണ്ട്. സഹതാപം തോന്നിയ മകൻ പറഞ്ഞു: ''അച്ഛാ, നമുക്ക് ആ കുട്ടിക്ക് എന്തെങ്കിലും കൊടുക്കാം.'' പക്ഷേ, അച്ഛൻ അടുത്തു ചെന്നു ചോദിച്ചു: ''പേനയ്ക്ക് എന്താ വില?'' ബാലൻ പറഞ്ഞു: ''ഒന്നിന് അഞ്ചു രൂപ.'' എന്നാൽ, ഇരുപതു പേന വേണമെന്നു പറഞ്ഞ് അച്ഛൻ നൂറു രൂപ കൊടുത്തു. പേന മുഴുവൻ വിറ്റുപോയ അത്യാഹ്ലാദത്തോടെ ബാലൻ എഴുന്നേറ്റുപോയപ്പോൾ മകൻ ചോദിച്ചു:

''അച്ഛാ, നമുക്കെന്തിനാണ് ഇത്രയധികം പേനകൾ? ആ നൂറു രൂപ അവന് അല്ലാതെ കൊടുത്താൽ പോരായിരുന്നോ?''

അച്ഛൻ പറഞ്ഞു: ''മോനേ, അന്ധനാണെങ്കിലും അവൻ ഭിക്ഷയെടുക്കുകയല്ല, അഭിമാനത്തോടെ ഒരു ജോലി ചെയ്യുകയാണ്. നമ്മൾ ആ നൂറു രൂപ നേരേ കൊടുത്തിരുന്നെങ്കിൽ ഒരിക്കലും അവൻ വാങ്ങില്ല. ഇതിപ്പോൾ പേന വിറ്റുണ്ടാക്കിയ പണമെന്ന അഭിമാനത്തോടെയാണ് അവൻ കൊണ്ടുപോകുന്നത്.''

സഹായങ്ങൾ നൽകുന്നതു നന്മതന്നെ. പക്ഷേ, അതു സ്വീകരിക്കുന്നയാൾക്ക് അഭിമാനത്തിനു ക്ഷതമേൽക്കാതെയാകണം. ഗതികെട്ടവന് എന്ത് അഭിമാനമെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ, എത്ര താഴ്ന്ന നിലയിലുള്ളവർക്കും മനസ്സും വ്യക്തിത്വവും അവരുടേതായ അന്തസ്സുമുണ്ട്. അതു പരിഗണിച്ചുതന്നെയാകണം സഹായങ്ങൾ. ഭിക്ഷയാണെങ്കിൽ പോലും പുച്ഛത്തോടെ എറിഞ്ഞുകൊടുക്കുകയല്ല വേണ്ടത്. പകരം പുഞ്ചിരിയോടെ, അവർ അർഹിക്കുന്നതു നൽകുന്നതുപോലെ കൊടുക്കാം. അതിനേ വിലയുണ്ടാകൂ. ■



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ്
കോളജ് ഓഫ് ടീച്ചർ
എജ്യുക്കേഷൻ ഫോർ
വിമൻ, എറണാകുളം

# ചക്കപ്പഴം

**നേ**രം പുലർന്നപ്പോൾ
കൂന്തലൊതുക്കിക്കൊണ്ടോമലാൾ
ചൂലുമെടുത്തിറങ്ങി.
വാടിനിലത്തു കിടക്കുമിലകളെ
മെല്ലെയടിച്ചങ്ങൊതുക്കിടുമ്പോൾ,
കുഞ്ഞുമുളപൊട്ടി
മണ്ണിൽ പുതഞ്ഞൊരു
തേൻവരിക്കപ്ലാവിൻ ചക്കക്കുരു,
നിന്നു തിളങ്ങുന്നു പെണ്ണിന്റെ കണ്ണിലും
ആവേശം കൊള്ളുന്ന നെഞ്ചകത്തും.
തണ്ണീർക്കുടവുമായ്
വന്നെത്തിയോമലാൾ
ഇറ്റിച്ചു നീർത്തുള്ളി മെല്ലെമെല്ലെ
കുഞ്ഞിത്തളിരു പുളകംകൊണ്ടങ്ങനെ
തഞ്ചത്തിലാടിക്കളിച്ചിടുന്നു.
കാലം കടന്നങ്ങു പോയതറിഞ്ഞില്ല
വനോളംമുട്ടി വരിക്കപ്ലാവും.
ആദ്യത്തെ ചക്ക
കൊമ്പത്തങ്ങനാടുമ്പോൾ
പെണ്ണിന്റെയുള്ളം കുളിർത്തു മെല്ലെ,
ചക്കപ്പഴത്തിന്റെ തേനൂറും സ്വാദിനാൽ
പെണ്ണിന്റെ നാവിലോ കപ്പലോട്ടം.
മുറ്റം നിറയെ പരന്നുവല്ലോ ഇന്ന്
ചക്കപ്പഴത്തിൻ മധുസുഗന്ധം

# മാതൃകാകൃഷിത്തോട്ടവുമായി മരങ്ങാട്ടുപിള്ളിയിലെ കുട്ടിക്കർഷകർ



**യു**വതലമുറ കടന്നുവരാൻ മടിക്കുന്ന കാർഷികമേഖലയിൽ പുതുപുത്തൻ അധ്യായങ്ങൾ രചിക്കുകയാണ് മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ കുട്ടികൾ. സ്കൂളിന്റെ മുറ്റത്ത് കനി ചൂടി നിൽക്കുന്ന പച്ചക്കറികൾ സ്കൂളിലേക്ക് കടന്നുവരുന്നവരുടെ കണ്ണിനു കുളിർമ നൽകുന്ന കാഴ്ചയായി മാറിയിരിക്കുന്നു. നാല്പതു കുട്ടികൾ അടങ്ങുന്ന ലിറ്റിൽ ഫാർമേഴ്സ് കാർഷികക്ലബിന്റെ നേതൃത്വത്തിലാണു കൃഷി നടത്തിവരുന്നത്. കുട്ടികളോടൊപ്പം അധ്യാപകരുമുണ്ട്. വഴുതന, തക്കാളി, വെണ്ട, വെള്ളരി, മത്തൻ, മുളക്, കുക്കുംബർ, കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ്റൂട്ട്, വിവിധതരം പയറിനങ്ങൾ തുടങ്ങിയ വിളകളെല്ലാം വിദ്യാലയമുറ്റത്ത് വിളയിക്കാൻ കുട്ടികൾക്കായി. കാബേജും കോളിഫ്ളവറും വിളവെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷത്തിലാണ് കുട്ടിക്കർഷകർ. പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഏർപ്പെടുത്തിയ 2022-2023 വർഷത്തെ പ്രഥമ കർഷക അവാർഡിന് സ്കൂൾ അർഹമായി.

കൊവിഡിനുമുമ്പ് നടത്തിയ കാർഷികപ്രവർത്തനങ്ങൾക്കു കൃഷിവകുപ്പിന്റെ സംസ്ഥാന, ജില്ലാ അവാർഡുകളും സ്കൂൾ കരസ്ഥമാക്കിയിരുന്നു. സ്കൂൾ മാനേജ്മെന്റ്, കൃഷിവകുപ്പ്, പി.റ്റി.എ എന്നിവയുടെ സഹായവും കുട്ടികൾക്കു നിർല്ലോഭം ലഭിക്കുന്നുണ്ട്.

കുട്ടികളോടൊപ്പംനിന്ന് കാർഷികപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന സ്കൂളിലെ മലയാളം അധ്യാപകൻ ഷിനു പി. തോമസിന്റെ സേവനം കുട്ടികൾക്ക് അനുഗ്രഹപ്രദമാണ്.

# ഇതിഹാസമെഴുതിയ ഖസാക്ക്






**വിദ്യ വിജയകുമാർ**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ

മലയാളനോവൽസാഹിത്യത്തിനു രണ്ടു ഘട്ടങ്ങളുണ്ട്; ഖസാക്കിനുമുമ്പും ശേഷവും. പരമ്പരാഗത രചനാശൈലിയും കഥാപാത്രഘടനയും ഭാഷയുടെ അസ്വാഭാവികതയുമെല്ലാം ഒറ്റയടിക്കു തിരുത്തിക്കുറിച്ച 168 പേജുള്ള ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ ശരിക്കും ഒരു ഇതിഹാസംതന്നെയാണ്. പാലക്കാടൻ ഉൾഗ്രാമമായ ഖസാക്ക് (തസ്രാക്) എന്ന ഗ്രാമമാണ് നോവലിന്റെ പശ്ചാത്തലം. തമിഴ്കലർന്ന പാലക്കാടൻഭാഷ ഗംഭീരമാക്കിയ ഒരു കൃതി.

കൂമൻകാവിൽ ബസുചെന്നുനിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചിതമായി തോന്നിയില്ല. വായിച്ചുതീരുമ്പോൾ നമുക്കും അവിടം അപരിചിതമല്ല! ഖസാക്കും അവിടത്തെ കെട്ടുപിണഞ്ഞ ജീവിതവും അനേകായിരം ആത്മാക്കളും രവിയും അള്ളാപ്പിച്ച മൊല്ലാക്കയും മാധവൻനായരും അപ്പുക്കിളിയും നൈസാമലിയും ഷെയ്ഖ് തങ്ങളും കുഞ്ഞാമിനയും മൈമുനയും തിത്തിബിയുമ്മയും നമ്മുടെയിടയിലൂടെ നടക്കുന്നുണ്ടെന്നുതോന്നും.

ചുരം കടന്നുവരുന്ന പാലക്കാടൻകാറ്റ് ഒളിച്ചുകളിക്കുന്ന കരിമ്പനകൾ നിറഞ്ഞ ഖസാക്ക്. പരിഷ്കാരം തൊട്ടുതീണ്ടാത്ത നാടൻ മനുഷ്യരുടെ ഗ്രാമമാണത്. ചെതലിമലയുടെ മിനാരങ്ങളിൽ കണ്ണുംനട്ടു കിടക്കുന്ന, ഷേയ്ക്കിന്റെ കല്ലറയിലും രാജാവിന്റെ പള്ളിയിലും അറബിക്കുളത്തിലും പോതി കുടിപാർക്കുന്ന പുളിങ്കൊമ്പത്തുമൊക്കെ ചരിത്രങ്ങളും മിത്തുകളുമൊളിപ്പിച്ച, പ്രാചീനമായ ആ ഗ്രാമത്തിലേക്ക് സർക്കാരിന്റെ സാക്ഷരതാപരിപാടിയുടെ ഭാഗമായി ഏകാധ്യാപകവിദ്യാലയം സ്ഥാപിക്കുവാനെത്തുന്ന രവിയിൽനിന്നാണ് കഥയാരംഭിക്കുന്നത്. കഥയാരംഭിക്കുന്നു എന്നു പറയാമെങ്കിലും ഇത് ഒരൊറ്റക്കഥയല്ല. കുറെ ഉപകഥകളിലൂടെ, കുറെ മനുഷ്യരുടെ ജീവിതങ്ങളിലൂടെ, ഒരു ഗ്രാമത്തിന്റെ കഥ ചുരുളഴിയുകയാണിതിൽ. രവി സ്ഥലത്തെ പ്രമാണിയായ ശിവരാമൻനായരുടെ ഞാറ്റുപുരയിൽ ഏകാധ്യാപക വിദ്യാലയം ആരംഭിക്കുന്നു.

നാഗരികസംസ്കൃതിയുടെ അടയാളമായ ഏകാധ്യാപകവിദ്യാലയത്തിൽ കുട്ടികളെല്ലാം ചേരുന്നതോടെ ഗ്രാമത്തിലെ മതപാഠശാലയായ ഓത്തുപള്ളിയും അതിലെ അധ്യാപകനും മതപുരോഹിതനുമായ അള്ളാപ്പിച്ചാമൊല്ലാക്കയും ഉപേക്ഷിക്കപ്പെടുന്നു. പിന്നീട് മൊല്ലാക്ക രവിയുടെ വിദ്യാലയത്തിലെ തൂപ്പുജോലിക്കാരനാവുന്നു (അദ്ദേഹം അത് നേരാംവണ്ണം ചെയ്യുന്നില്ലെന്നത് മറ്റൊരു കാര്യം). അധ്യാപകനായ രവി ആ ഗ്രാമത്തിലെ നാഗരികതയുടെ ശിലാസ്ഥാപകനാവുകയാണ്. ഖസാക്കിലെ ജീവിതത്തിൽ അയാൾ മാധവൻനായർ, കുപ്പുവച്ചൻ, അപ്പുക്കിളി, നൈസാമലി, മൈമുന, കുഞ്ഞാമിന തുടങ്ങി ഒരുപാട് ആളുകളുമായി പരിചയപ്പെടുന്നു.

ഖസാക്കിലെ ജീവിതത്തിൽ, രവിയുടെ ഓർമകളിലൂടെ അയാളുടെ ഭൂതകാലത്തെക്കുറിച്ചുള്ള ചിത്രം വ്യക്തമാവുന്നു. രോഗിയായ അച്ഛന്റെ രണ്ടാം ഭാര്യയുമായി അഗമ്യഗമനത്തിൽ ഏർപ്പെട്ടതിലുള്ള കുറ്റബോധം നിമിത്തം മദിരാശിയിലെ ബിരുദപഠനം പാതിവഴിയിലുപേക്ഷിച്ച്, പാപമോചനാർഥം പല നാടുകളിൽ അലഞ്ഞ് ഒടുവിൽ ഖസാക്കിൽ എത്തിച്ചേർന്നതാണ് രവി. ഖസാക്കിൽ ഉള്ളിലെരിയുന്ന പാപബോധത്തിൽ കഴിയുമ്പോഴും അയാൾക്ക് അഭിനിവേശങ്ങൾ ഒഴിവാക്കാനാകുന്നില്ല. അത് ഖസാക്കിന്റെ സ്ത്രീകളായ മൈമുനയിലേക്കും കേശിയിലേക്കും പടരുന്നു. രവിക്കുവേണ്ടി കാത്തിരുന്ന പദ്മയുടെ സ്നേഹം രവിക്കു വിരസമായിത്തീരുന്നു. ജീവിതത്തിന്റെ അർഥങ്ങളെക്കുറിച്ചും അർഥശൂന്യതകളെക്കുറിച്ചും അയാൾ ചിന്തിക്കുന്നു. അയാൾ ആത്മനിരാസത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങുന്നു. തന്റെ വിദ്യാർഥിനിയായ, ബാല്യത്തിന്റെ അവസാനപടവിലെത്തിയ നിഷ്കളങ്കയായ കുഞ്ഞാമിന തന്റെ കൈകളിലേക്ക് ഋതുമതിയാവുമ്പോൾ പാപബോധവും പാപഭയവും രവിയെ ഉത്കടമായി പിടികൂടുന്നു. പാപങ്ങളുടെ കണക്കുകൾ വർദ്ധിക്കാതിരിക്കാൻ രവി ഒടുവിൽ ഖസാക്ക് വിടുകയാണ്. ഖസാക്കിൽനിന്നു മടങ്ങാൻ ബസ് കാത്തുനിൽക്കുന്ന രവി പാമ്പുകടിയേറ്റു മരിക്കുന്നു. പാപത്തിൽനിന്നു പാപത്തിലേക്കുള്ള പ്രയാണത്തിലൂടെ ജീവിതത്തിന്റെ അർഥങ്ങളന്വേഷിക്കുന്ന ഒരു പര്യവേക്ഷകനാണ് ഖസാക്കിലെ രവി.




സങ്കീർണമായ ഒരു പിടി മാനസികതലങ്ങൾ നമുക്ക് ഈ നോവലിൽ അനുഭവവേദ്യമാകും. പുണ്യപാപചിന്തകളാൽ മഥിക്കപ്പെടുന്ന രവി, പുണ്യപാപസങ്കല്പങ്ങളെ അപ്രസക്തമാക്കുന്ന മൈമുന, വ്യവസ്ഥാപിത – ആത്മാർഥപ്രണയത്തിന്റെ മാതൃകയായ പദ്മ, നിഷ്കളങ്കവും വിശുദ്ധവുമായ സ്നേഹത്തിന്റെ മൂർത്തഭാവമായ കുഞ്ഞാമിന, മന്ദബുദ്ധിയെങ്കിലും ജീവിതത്തിന്റെയും ജൈവരാശികളുടെയും വളർച്ചകളെക്കുറിച്ച് അനുവാചകനെ ബോധവാനാക്കുന്ന അപ്പുക്കിളി... അങ്ങനെ സ്നേഹത്തിന്റെയും ധർമാധർമങ്ങളുടെയും പുണ്യപാപസങ്കല്പങ്ങളുടെയും ജീവിതാർഥങ്ങളുടെയും വിവിധ വശങ്ങൾ സന്ദേഹിയായ വിജയൻ ഖസാക്കിലൂടെ അന്വേഷിക്കുന്നു. ഇവയ്ക്കൊന്നും ലളിതമായ, സ്പഷ്ടമായ ഉത്തരങ്ങൾ വിജയൻ പക്ഷേ, നൽകുന്നില്ല. കഥ വായനക്കാരനു വിടുന്ന, അവനെ കഥയുടെ അനന്തരമനനം ഏറ്റെടുക്കാൻ നിർബന്ധിതനാക്കുന്ന എഴുത്തിന്റെ മാന്ത്രികനിലയിൽ വിജയൻ നോവലിനെ പ്രതിഷ്ഠിക്കുന്നു. ■

മിനിക്കഥ

## പ്രത്യയശാസ്ത്രം

എന്റെ ഒന്നുമില്ലായ്മകളിൽ എപ്പോഴോ നിന്റെ വരവ് എന്തൊക്കെയോ ഉണ്ടാക്കി. ചിരി വിഴുങ്ങുന്ന എന്നെ നീ ഒരു ചിരിക്കുടുക്കയാക്കി മാറ്റി. ജനാധിപത്യത്തിന്റെ പ്രാധാന്യം അടുക്കളയിലെ ചുമരുകളിൽ വരച്ച് നീ പഠിപ്പിച്ചു. നമ്മൾ ഉണ്ടാക്കിയതെല്ലാം സോഷ്യലിസത്തിന്റെ അസ്സൽ രുചിക്കൂട്ടുകളായിരുന്നു.

ദരിദ്രമായിരുന്ന എന്റെ സായംസന്ധ്യയിൽ, പകരംവയ്ക്കാനാവാത്ത ഒരു ചിരി നീയെറിഞ്ഞു. ആ ചിരി ഞാൻ രുചിച്ചു. അതിന് കുട്ടപ്പൻചേട്ടന്റെ തട്ടുകടയിലെ ദോശയെക്കാൾ രുചിയുണ്ടായിരുന്നു. പരിചയപ്പെട്ടു പരിചയപ്പെട്ട് നിന്റെ അടുക്കളവരെ ഞാൻ എത്തിനിൽക്കുമ്പോൾ നിന്നോട് എനിക്കുള്ള പ്രണയം വിശപ്പാണ്.



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്.
കോളജ്, കോട്ടയം

## ജീവിതയാത്രയുടെ ഊർജസ്രോതസ്സുകൾ





**അജയ് കെ. ജോസഫ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്,
പാലാ

ജീവിതം ഒരു വലിയ യാത്രയാണ്. നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ഈ ജീവിതം മുന്നോട്ടു പോകണമെന്നില്ല. ജീവിതം നമ്മുടെ മുന്നിൽ തുറന്നുവച്ചിരിക്കുന്നത് അദ്ഭുതങ്ങളാണ്. ജീവിതം പ്രവചനാതീതവുമാണ്. ജീവിതത്തെക്കുറിച്ച് മുൻകൂട്ടി ഒന്നും പറയാൻ സാധിക്കില്ല. അത്രയധികം വിചിത്രമാണത്. ഇത് വളരെ കഠിനവുമാണ്. യാതനകളും ക്ലേശങ്ങളും നിറഞ്ഞ ഈ യാത്രയിൽ നാം ധൈര്യപൂർവം മുന്നോട്ടുനീങ്ങണം. ഉറച്ച മനസ്സ് അതിന് ആവശ്യമാണ്.

ജീവിതയാത്രയുടെ ഊർജസ്രോതസ്സുകളാണ്, ദൈവവിശ്വാസവും ആത്മവിശ്വാസവും. ഇവ രണ്ടും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ആത്മവിശ്വാസം, അവനവനിൽത്തന്നെയുള്ള വിശ്വാസം ഉള്ളവനിൽ മാത്രമേ, സമൂഹത്തിനു വിശ്വാസമർപ്പിക്കാൻ സാധിക്കൂ. ആത്മവിശ്വാസമില്ലാത്ത മനുഷ്യന് ഒരിക്കലും ജീവിതത്തിൽ വിജയിക്കാൻ സാധിക്കില്ല. ആത്മവിശ്വാസം, നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ഇന്ധനമാണ്. ആത്മവിശ്വാസമില്ലെങ്കിൽ നമ്മൾ അലങ്കരിക്കുന്ന പദവികൾക്കോ നമ്മുടെ വിദ്യാഭ്യാസയോഗ്യതകൾക്കോ നമ്മുടെ സമ്പത്തിനോ ഒന്നും നമ്മുടെ ജീവിതത്തിൽ അർഥമില്ലാതായിത്തീരും. മനുഷ്യർക്ക് ജീവിതയാത്രയിൽ കരുത്തു പകരുന്ന ചാലകശക്തിയാണ് ആത്മവിശ്വാസം. ഭീരുവായ മനുഷ്യന് ഒരിക്കലും ജീവിതത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്താൻ സാധിക്കില്ല.

ആത്മവിശ്വാസമില്ലാത്ത മനുഷ്യൻ പൊട്ടക്കിണറ്റിൽ ജീവിക്കുന്ന തവളകൾക്കു സമാനമാണ്. കിണറിനു പുറത്തുള്ള വിശാലമായ ലോകത്തെക്കുറിച്ച് അവർക്ക് അറിവില്ല. അവർ പൊട്ടക്കിണറിന്റെ അതിരുകൾക്കുള്ളിൽ ജീവിച്ച്, അവരുടെ ജീവിതത്തെ സങ്കുചിതമാക്കുന്നു. അവരുടെ ജീവിതത്തിൽ, പ്രത്യേകിച്ച് ഒന്നും സംഭവിക്കുന്നില്ല. എല്ലാ ദിനങ്ങളും ഒരുപോലെ കടന്നുപോകുന്നു.

നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന രണ്ടാമത്തെ ഊർജസ്രോതസ്സാണ് ദൈവവിശ്വാസം. നമ്മുടെ പ്രപഞ്ചത്തെയൊന്നാകെ നിയന്ത്രിക്കുന്ന ഒരു അനന്തശക്തിയുണ്ട്. സകല ജീവജാലങ്ങളുടെയും ഉദ്ഭവത്തിനു കാരണമായ ദൈവികശക്തിയെ ഒരിക്കലും അവഗണിക്കാൻ പാടില്ല. സർവശക്തനായ, സർവവ്യാപിയായ ദൈവം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നുവെന്നത് ഒരു സത്യമാണ്. നമ്മുടെ ജീവിതത്തിൽ നടക്കുന്ന സംഭവവികാസങ്ങൾ പൂർണമായും നമ്മുടെ നിയന്ത്രണത്തിലല്ലയെന്നത് ഒരു നഗ്നസത്യമാണ്. ചില മനുഷ്യരുടെ ജീവിതങ്ങൾ ഒരു സുപ്രഭാതത്തിൽ അപ്രതീക്ഷിതമായി മാറുന്നുവെന്നത് നാം കാണുന്ന ഒരു യാഥാർഥ്യമാണ്. ചില വ്യക്തികളുടെ ജീവിതങ്ങൾ അദ്ഭുതമായി മാറുന്നതായി, നാം നമ്മുടെ നിത്യജീവിതത്തിൽ കാണാറുണ്ട്. ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്, മനുഷ്യർക്ക് അതീതമായ ഒരു ദൈവികശക്തിയാണ്.

ദൈവത്തിലുള്ള വിശ്വാസം ജീവിതവിജയം നേടാൻ നമ്മെ സഹായിക്കുന്നു. പ്രതിബന്ധങ്ങളെ അതിജീവിക്കാൻ അതു നമ്മെ പ്രാപ്തരാക്കുന്നു. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്ന ബോധ്യം ജീവിതത്തെ ശുഭാപ്തിവിശ്വാസത്തോടെ നോക്കിക്കാണാൻ നമ്മെ സഹായിക്കുന്നു. മഹാന്മാരുടെ ജീവിതം പരിശോധിച്ചാൽ, ദൈവവിശ്വാസം അവരെയൊക്കെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നു മനസ്സിലാക്കാം. അവരുടെ ജീവിതങ്ങളെ അദ്ഭുതകരമായി രൂപാന്തരപ്പെടുത്താൻ, ദൈവവിശ്വാസം അവരെ സഹായിച്ചിട്ടുണ്ട്. ജീവിതത്തിൽ നാം തളരുമ്പോൾ, ഇടറിവീഴുമ്പോൾ ദൈവവിശ്വാസവും ആത്മവിശ്വാസവുമാകുന്ന ഊർജസ്രോതസ്സുകൾ നമ്മെ ശക്തരാക്കും. പ്രതിബന്ധങ്ങളുടെ നടുവിൽ പ്രതീക്ഷയുടെ വാതായനങ്ങൾ നമ്മുടെ നാട്ടിൽ തുറന്നിടും. ■

# ചുവടുപിഴയ്ക്കുന്ന ബാല്യങ്ങൾ





**ലിയോ ഫ്രാൻസിസ് ബിജു**
7-ാം ക്ലാസ്
സെന്റ് ജോർജ് യു.പി.സ്കൂൾ, മൂലമറ്റം

പുതിയ ട്രെന്റുകൾ ആദ്യം സ്വാധീനിക്കുന്നതു കുട്ടികളെയാണ്. അവ പൊടുന്നനെ പിടിച്ചെടുക്കാനും അനുകരിക്കാനും അവർ തത്പരരാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്ന ഏറ്റവും പുതിയ ട്രെന്റ് ലഹരിമരുന്നുകളാണ്. അവ കണ്ടെത്താനുള്ള വ്യഗ്രതയിലാണ് നമ്മുടെ കുട്ടികൾ.

“"Narcotic is a dirty business' ഇതറിഞ്ഞിട്ടും നമ്മുടെ കുട്ടികൾ ലഹരിക്കടിപ്പെട്ടുപോകാനുള്ള കാരണം എന്തായിരിക്കും?

**ശിഥിലമായ കുടുംബബന്ധങ്ങൾ**

അമ്മയുടെ നെഞ്ചിനോടു ചേർന്നു വളരുന്ന ഒരു കുഞ്ഞും നാശത്തിന്റെ പാതയിലേക്കു വഴുതിവീഴാറില്ല. കാരണം, ആ അമ്മയുടെ നെഞ്ചിലെ കനല് അവനെ മൂർച്ചയുള്ള ഒരായുധമാക്കി മാറ്റും. അവന്റെ ജീവിതത്തിനു ഭീഷണിയായി വരുന്ന കഴുകന്മാരുടെ ചിറകുകൾ അരിഞ്ഞുവീഴ്ത്താൻ കരുത്തുറ്റ ആയുധം.

എന്നാൽ, ഇന്നിന്റെ ബാല്യങ്ങൾ അമ്മയുടെ ചൂടറിഞ്ഞു വളരാത്തതുകൊണ്ടാണോ തളർന്നുപോകുന്നത്? ഒരുപക്ഷേ, അതേ എന്നുതന്നെ ഉത്തരം പറയേണ്ടിവരുന്നു. ഒരു കുട്ടി അവന്റെ ബാല്യംമുതൽ കാണുന്നതും അറിയുന്നതും അവന്റെ മാതാപിതാക്കളെയാണ്. ഒരു കുട്ടിയുടെ സ്വഭാവരൂപവത്കരണത്തിന്റെ അടിസ്ഥാനം കുടുംബമാണ്. മാതാപിതാക്കളാണ് അവന്റെ ആദ്യഗുരു. അമ്മയും അച്ഛനും മക്കളെ ഒരുപാടു സ്നേഹിക്കുന്നു. എന്നാൽ, ആ സ്നേഹം കുട്ടികളെ സംതൃപ്തരാക്കാറുണ്ടോ എന്ന് മാതാപിതാക്കൾ അന്വേഷിക്കുന്നുണ്ടോ? ഇന്ന് പല വീടുകളിലും മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേടുകൾതന്നെയാണ് കുട്ടികളുടെ അസംതൃപ്തിക്കു കാരണം. കുട്ടികളെ മാതാപിതാക്കൾ മാറി മാറി സ്നേഹിക്കുകയല്ല; ഒരു മനസ്സോടെ സ്നേഹിക്കുകയാണു വേണ്ടത്.

അതുപോലെ, കുട്ടികളെ പൊതിഞ്ഞുകെട്ടി വളർത്തുന്ന മാതാപിതാക്കൾ വളരെയേറെ ഭയപ്പെടേണ്ടിയിരിക്കുന്നു. നിങ്ങളുടെ കുട്ടികൾ ഉറപ്പായും വഴിതെറ്റിപ്പോകുകതന്നെ ചെയ്യും. മാതാപിതാക്കളുടെ കഷ്ടപ്പാടുകളറിഞ്ഞു വളരുന്ന കുട്ടികൾ ജീവിതത്തിൽ നശിച്ചുപോവില്ല.

**നവമാധ്യമങ്ങളുടെ സ്വാധീനം**

സിനിമകളിലും കാർട്ടൂണുകളിലും അവതരിപ്പിക്കുന്ന ലഹരിമരുന്നിന്റെ ഉപയോഗവും അതിലൂടെ കഥാപാത്രങ്ങൾ നേടുന്ന അമാനുഷിതയും കുട്ടികളെ ലഹരിമരുന്നുപയോഗിക്കാൻ പ്രേരിപ്പിക്കുന്നവയാണ്. നവമാധ്യമങ്ങളുടെ സ്വാധീനം ഏറിവരുന്ന ഇക്കാലത്ത് അത്തരത്തിലുള്ള ദുർമാതൃകകൾ നമ്മുടെ കുട്ടികളുടെ ഭാവിയെത്തന്നെയാണ് ഇല്ലാതാക്കുന്നത്.

**സൗഹൃദങ്ങളും സമപ്രായക്കാരും**

കുടുംബം കഴിഞ്ഞാൽ കുട്ടികൾ ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് കൂട്ടുകാർക്കൊപ്പമാണ്. മാതാപിതാക്കളോടെന്നതിനെക്കാൾ അധികം ഇടപെടുന്നത് സമപ്രായക്കാരോടാണ്. പരസ്പരമുള്ള സംശയനിവാരണങ്ങളും പുതിയ അറിവുകളും എല്ലാം കുട്ടികൾ നേടുന്നതും ഈ കൂട്ടായ്മയിൽനിന്നാണ്. 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്ന പഴഞ്ചൊല്ല് വളരെ ശരിയാണ്. കൂട്ടുകെട്ട് ഒരു കുട്ടിയുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്ന പ്രധാനഘടകമാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ കൂട്ടുകാരെക്കുറിച്ച് കൃത്യമായ ധാരണയുള്ളവരായിരിക്കണം.

**പരിഹാരമാർഗങ്ങൾ**

മാതാപിതാക്കൾ കുട്ടികളെ കൃത്യമായി നിരീക്ഷിക്കുകയും അച്ചടക്കത്തിൽ വളർത്തുകയും ചെയ്യുക. ഒരു സുഹൃത്തിനെപ്പോലെ അവരോടു പെരുമാറുക. മൊബൈൽഫോൺ, വീഡിയോ ഗെയിം, മറ്റ് നിരവധി നവമാധ്യമങ്ങൾ ഇവയെ നിയന്ത്രിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. നല്ല കൂട്ടുകെട്ടുകൾ തിരഞ്ഞെടുക്കാൻ അവരെ പരിശീലിപ്പിക്കുക. തെറ്റായ സന്ദേശം നൽകുന്ന സിനിമകളും കാർട്ടൂണുകളും കാണാൻ അനുവദിക്കാതിരിക്കുക. അതിലെ പൊള്ളത്തരങ്ങൾ കുട്ടികൾക്കു വ്യക്തമാക്കിക്കൊടുക്കുക.

വ്യത്യസ്തതരത്തിലുള്ള വിനോദരീതികളിലൂടെയും കലാരൂപങ്ങളിലൂടെയും ലഹരിവിരുദ്ധബോധവത്കരണം നടത്തുക. ലഹരിക്കെതിരേ പോരാടാൻ അവരെ പ്രാപ്തമാക്കുക. മാതാപിതാക്കളും അധ്യാപകരും കുട്ടികൾക്ക് കരുതലും സ്നേഹവും നൽകുക. അവരിൽ ഒരു ലക്ഷ്യബോധം നിരന്തരം പ്രോത്സാഹിപ്പിക്കുക.

കുട്ടികളുടെ മുറികളും മറ്റു പഠനോപകരണങ്ങളും ഇടയ്ക്കിടയ്ക്കു പരിശോധിക്കുക. എന്താണു ലഹരിയെന്നും എങ്ങനെ അതു നമ്മുടെ കുട്ടികളെ സ്വാധീനിക്കുന്നതെന്നും മാതാപിതാക്കളെ കൃത്യമായി ബോധ്യപ്പെടുത്തുക.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ നമ്മുടെ കുരുന്നുകളെ ലഹരിയെന്ന മഹാവിപത്തിൽനിന്നു സംരക്ഷിക്കാൻ നമുക്കു സാധിക്കും. 'ഭയമല്ല ജാഗ്രതയാണു വേണ്ടത്' എന്ന കൊറോണക്കാലത്തുയർന്ന മുദ്രാവാക്യത്തിന് ഇപ്പോഴാണ് ശരിയായ പ്രസക്തിയുണ്ടാവുന്നത്.

# വിനാശകാലേ വിപരീതബുദ്ധി





**പൂജാലക്ഷ്മി ജയൻ**
7-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്., കടനാട്

ഒരിടത്തൊരിടത്ത് ഒരു ഭാര്യയും ഭർത്താവും ഉണ്ടായിരുന്നു. വളരെക്കാലത്തെ കാത്തിരിപ്പിന്റെ ഫലമായി അവർക്ക് ഒരാൺകുട്ടി ജനിച്ചു. അവനു വിനു എന്നു പേരിട്ടു. കുട്ടിയായിരുന്നപ്പോൾമുതൽ അവനു വാഹനങ്ങളോടു വളരെ ഇഷ്ടമായിരുന്നു. അവൻ വളർന്നതോടെ വണ്ടികളോടുള്ള അവന്റെ ഇഷ്ടം കൂടിവന്നു. വർഷങ്ങൾ കടന്നുപോയി. അവന് പതിനെട്ടു വയസ്സു പൂർത്തിയായി. അച്ഛൻ അവന് ഒരു ബൈക്ക് വാങ്ങിക്കൊടുത്തു. ബൈക്ക് വാങ്ങിയതോടെ അവന്റെ കറക്കം കൂടി. അവന്റെ കൂട്ടുകെട്ടുകളും അത്ര നല്ലതായിരുന്നില്ല. അവർ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളായിരുന്നു. അവരുടെകൂടെ നടന്ന് വിനുവും ഈ ദുസ്സ്വഭാവങ്ങൾ പഠിച്ചെടുത്തു. അങ്ങനെ ഒരു ദിവസം രാത്രിയിൽ മദ്യപിച്ച് ബൈക്കോടിച്ചു വന്നു. വിനു പോർച്ചിൽ ബൈക്ക് വച്ച് വീടിന്റെ നടകയറാൻ തുടങ്ങിയതും അടിതെറ്റി വീണു. ഇത് കണ്ട അച്ഛനും അമ്മയും ഓടിച്ചെന്ന് വിനുവിനെ പിടിച്ചെഴുന്നേല്പിച്ച് മുറിയിൽ കൊണ്ടുപോയി കിടത്തി. അച്ഛനും അമ്മയും ചങ്കുപൊട്ടുന്ന വേദനയോടെയാണ് മുറിയിൽ നിന്ന് ഇറങ്ങിപ്പോയത്. രാവിലെ വിനു എഴുന്നേറ്റത് തല പൊട്ടുന്ന വേദനയോടെയാണ്. വീടിന്റെ പുറത്തിറങ്ങിയപ്പോഴേക്കും അവൻ വീഴാൻ തുടങ്ങി. അവനെ അച്ഛൻ വന്നുപിടിച്ചു. വിനു അച്ഛന്റെ പിടിവിടുവിച്ച് പോകാൻ തുടങ്ങി. അച്ഛൻ തടഞ്ഞെങ്കിലും അവൻ അതൊന്നും ശ്രദ്ധിക്കാതെ വണ്ടിയെടുത്ത് പുറത്തേക്കുപോയി.

വീട്ടിൽനിന്നിറങ്ങിയ വിനു ആദ്യം കൂട്ടുകാരുടെ അടുത്താണു ചെന്നത്. അവരുടെ കൈയിൽനിന്നു കിട്ടിയ മദ്യം കുടിച്ച് ലക്കില്ലാതെയായിരുന്നു അവൻ തിരിച്ചുപോയത്. ആ പോക്കിൽ നിയന്ത്രണം തെറ്റി വിനുവിന്റെ ബൈക്ക് ഒരു കാറിന്റെ പുറകിൽ ചെന്നിടിച്ചു. വിനു തെറിച്ച് ഒരു കല്ലിൽ തലയിടിച്ചു വീണു. ആശുപത്രിയിൽ ചെല്ലുന്നതിനുമുമ്പേ അവൻ മരിച്ചിരുന്നു. വീട്ടിൽ വിവരം വിളിച്ചു പറഞ്ഞു. ഫോൺ എടുത്തത് വിനുവിന്റെ അച്ഛനായിരുന്നു. അച്ഛന്റെ മുഖം കണ്ട അമ്മ കാര്യം എന്താണെന്നു തിരക്കി. കാര്യമറിഞ്ഞ അമ്മ ബോധംകെട്ടുവീണു. ആറ്റുനോറ്റുണ്ടായ ഓമനമകൻ അവർക്കു നഷ്ടപ്പെട്ടു.

ഈ ലഹരി കാരണം എന്തൊക്കെ കുഴപ്പങ്ങളാണ് ഉണ്ടാകുന്നത്! നിങ്ങൾ ഓർക്കുക: ആരും ലഹരിക്ക് അടിമകളാകരുത്. അത് നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനുമാകും ദോഷം ചെയ്യുക. ■

## എന്റെ വര



**ജൊവന്ന ലിസ്ബത്ത് മെൽബി**
3-ാം ക്ലാസ്
എസ്.എച്ച്.എൽ.പി.എസ്., രാമപുരം







DEEPANALAM WINNERS SPACE gk

## കഴിഞ്ഞ ലക്കം ക്വിസ് (പ്രതിഭ 2023 ജനുവരി 5) ശരിയുത്തരങ്ങൾ

1) ഇൻകോവാക്
2) എം.ടി. വാസുദേവൻനായർ
3) ആവണി ചതുർവേദി
4) ഇന്ത്യ - നേപ്പാൾ
5) യു.എസ്.
6) നൻപകൽ നേരത്ത് മയക്കം - ലിജോ ജോസ് പെല്ലിശ്ശേരി
7) ഒമ്പത്
8) ഷീൻ ഓസ്റ്റിൻ (കൊല്ലം)
9) യു.എസ്., കാനഡ, മെക്സിക്കോ
10) പന്ത്രണ്ട്

◆ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല